"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2602/2023-ICDSB1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 01-07-2023

E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്-ഐ.സി.ഡി.എസ്-പോഷകബാല്യം പദ്ധതി അങ്കണവാടികളിൽ പാൽ വിതരണം-പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്:-

സൂചന:-
1. 12.05.2023 ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം.
2. സർക്കാരിന്റെ 14.06.2023 ലെ സ ഉ (സാധ) നം.345/2023/വ.ശി.വി.വ നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 24.05.2023 തീയതിയിലെ DWCD/2602/2023/ICDS B1 നമ്പർഉത്തരവ്.
4. ഈ കാര്യാലയത്തിലെ 20.05.2022 തീയതിയിലെ DWCD/1047/2022/ICDS B3 നമ്പർ സർക്കുലർ

വനിത ശിശുവികസന വകുപ്പിൻകീഴിൽ അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ആഴ്ചയിൽ 2 ദിവസം പാലും ,2 ദിവസം മുട്ടയും വിതരണം ചെയ്യുന്ന പോഷകബാല്യം പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ 2023-24 സാമ്പത്തിക വർഷം 63 കോടി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സൂചന 2 പ്രകാരം പാലിൻറെ വില ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 58/-രൂപയായി വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട് . ടി പദ്ധതി അങ്കണവാടികളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന 4 പ്രകാരം ഉള്ളതും, ചുവടെ ചേർക്കുന്നതുമായ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പദ്ധതി തടസം കൂടാതെ മുന്നോട്ട് പോകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1. അങ്കണവാടികളിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാൽ നൽകേണ്ടതാണ്.
2. ഒരു കുട്ടിക്ക് 125 ml പാൽ എന്ന അളവിൽ 500 ml പാൽ 4 കുട്ടികൾക്ക് എന്ന തോതിൽ തുല്യ അളവിൽ വീതിച്ച് നൽകേണ്ടതാണ്.
3. അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് തിങ്കൾ,വ്യാഴം ദിവസങ്ങളിൽ പ്രഭാത ഭക്ഷണത്തിനൊപ്പം തന്നെ തിളപ്പിച്ചാറ്റിയ പാൽ നൽകേണ്ടതാണ്.
4. തിങ്കൾ,വ്യാഴം ദിവസങ്ങൾ അവധി ആകുന്ന പക്ഷം ബുധനാഴ്ചയോ ശനിയാഴ്ചയോ പാൽ നൽകേണ്ടതും,ടി ദിവസങ്ങൾ അവധി ആകുന്ന പക്ഷം മറ്റു ദിവസങ്ങളിൽ പാൽ നൽകേണ്ടതുമാണ്.
5. ഒരു ദിവസം ഹാജരാകാത്ത കുട്ടിയ്ക്കുള്ള പാൽ അടുത്ത ദിവസം തൈരായോ പുളിശ്ശേരിയായോ ഉൾപ്പെടുത്താവുന്നതാണ്.

6. അങ്കണവാടി ഗുണഭോക്താക്കളുടെ എണ്ണം ALMSC കൂടി തീരുമാനിക്കേണ്ടതാണ്.

7. ഇപ്പോൾ പഞ്ചായത്തുകൾ പാൽ നല്കുന്നുണ്ടെങ്കിൽ അങ്കണവാടികളിൽ മേൽ ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ അത് തുടരാവുന്നതാണ്.

8. അങ്കണവാടികളിൽ വിതരണത്തിന് ആവശ്യമായ പാൽ മിൽമയിൽ നിന്ന് തന്നെ വാങ്ങേണ്ടതാണ്. മിൽമ പാൽ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ / പ്രാദേശിക ക്ഷീര സൊസൈറ്റികൾ വഴി ഉള്ള പാൽ / മറ്റു പ്രാദേശിക പാൽ വിതരണ സംവിധാനങ്ങൾ വഴി ലഭ്യമാകുന്ന പാൽ / കുടുംബശ്രീ സംരംഭകർ മുഖേനെ ലഭ്യമാകുന്ന പാൽ എന്നിവ പ്രാദേശിക ലഭ്യതയ്ക്ക് അനുസരിച്ച് വിതരണം ചെയ്യേണ്ടതാണ്. ഇവയൊന്നും ലഭ്യമാകാത്ത മലയോരഗ്രാമപ്രദേശങ്ങളിൽ മിൽമയുടെ യു എച്ച് ടി പാല് നൽകേണ്ടതാണ്.

9. ടി പദ്ധതിക്ക് ആവശ്യമായ പാൽ മിൽമ / പ്രാദേശിക ക്ഷീര സൊസൈറ്റികൾ / പ്രാദേശിക ക്ഷീര കർഷകർ /മറ്റു പ്രാദേശിക പാൽ വിതരണ സംവിധാനങ്ങൾ /മിൽമ യു എച്ച് ടി പാൽ /കുടുംബശ്രീ സംരംഭകർ എന്നിവരിൽ നിന്നും സ്റ്റോർപർച്ചേസ് മാനുവൽ അനുസരിച്ച് ബന്ധപ്പെട്ട സൂപ്പർവൈസർമാർ ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് വാങ്ങേണ്ടാതാണ്. ആയതു സാധ്യമാകാത്ത സ്ഥലങ്ങളിൽ ഫീഡിംഗ് തടസം ഉണ്ടാകാതിരിക്കാൻ വൗച്ചർ സംവിധാനം വഴിയും പദ്ധതി നടപ്പിലാക്കാവുന്നതാണ്.ഒരു ലിറ്റർ പാലിന് ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 58/-രൂപയായി പാലിൻറെ വില നിശ്ചയിച്ചിട്ടുണ്ട്. **പാൽ വില ലിറ്ററിനു 52/- രൂപയും ട്രാൻസ്പോർഷൻ ചാർജ് 6/- രൂപയും ആണ്. വൗച്ചർ സംവിധാനം വഴിയുള്ള വാങ്ങലിനു ട്രാൻസ്പോർഷൻ ചാർജ് അനുവദനീയമല്ല.**

10. ഒരു സെക്ടർ / പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ആവശ്യമായ പാൽ വാങ്ങുന്നതിന് ടെണ്ടർ ആവശ്യമായി വരുന്ന സാഹചര്യത്തിൽ മാത്രം ശിശു വികസന പദ്ധതി ഓഫീസർമാർ ടെണ്ടർ ക്ഷണിക്കേണ്ടതും ടെണ്ടർ നോട്ടീസിൽ പ്രസ്തുത സെക്ടർ /പഞ്ചായത്ത് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായിരിക്കുമെന്നും ടെണ്ടർ സമർപ്പിക്കേണ്ടത് സൂപ്പർവൈസർക്കാണ് എന്ന വിവരവും രേഖപ്പെടുത്തേണ്ടാതാണ്.

11. ഒരു പ്രോജെക്ടിൽ തന്നെ ഒന്നിലധികം സെക്ടർ /പഞ്ചായത്തുകൾക്ക് ടെണ്ടർ നടപടി ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഓരോ സെക്ടർ / പഞ്ചായത്തിനു വേണ്ടിയും ശിശു വികസന പദ്ധതി ഓഫീസർ പ്രത്യേകം ടെണ്ടർ ക്ഷണിക്കേണ്ടതാണ്. സെക്ടർ തലത്തിൽ ക്വട്ടേഷൻ ലഭ്യമാകാത്ത സാഹചര്യത്തിൽ സബ് സെക്ടർ തലത്തിലും (നാലോ അതിൽ കൂടുതലോ അങ്കണവാടികൾ ഉൾപ്പെടുത്തി) ക്വട്ടേഷൻ വിളിക്കാവുന്നതാണ്. **പുതുക്കിയ നിരക്കിലുള്ള തുക അനുവദിക്കുന്നത് പുതിയ ക്വട്ടേഷൻ അംഗീകരിക്കുന്ന തീയതി മുതൽക്കായിരിക്കും.**

12. ടെണ്ടർ ഫോമിന്റെ വിതരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും പ്രൊജക്റ്റ് തലത്തിൽ ശിശു വികസന പദ്ധതി ഓഫീസർ സ്വീകരിക്കേണ്ടതാണ്.

13. ടെണ്ടറിനോടനുബന്ധിച്ചുള്ള ഇ.എം.ഡി, സെക്യൂരിറ്റി ഡെപോസിറ്റ് എന്നിവ ഓഫീസ് മേലധികാരി ആയ ശിശു വികസന പദ്ധതി ഓഫീസറുടെ പേരിൽ എടുക്കേണ്ടതും ഓഫീസ് തലത്തിൽ രേഖപ്പെടുത്തലുകൾ വരുത്തി ശിശു വികസന പദ്ധതി ഓഫീസർ സൂക്ഷിക്കേണ്ടതുമാണ്.

14. സെക്ടർ /പഞ്ചായത്ത് തലത്തിൽ ലഭ്യമാകുന്ന ക്വട്ടേഷൻ/ടെണ്ടറുകൾ സൂപ്പെർവൈസർമാർ പരിശോധിച്ച് ശിശു വികസന പദ്ധതി ഓഫീസറുടെ അംഗീകാരം തേടേണ്ടതും ശിശു വികസന പദ്ധതി ഓഫീസർ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ /ടെണ്ടർ അംഗീകരിച്ച് നൽകേണ്ടതുമാണ്. ടെണ്ടർ അംഗീകാരം നേടിയ ശേഷം സൂപ്പെർവൈസർ സപ്ലൈ ഓർഡർ പുറപ്പെടുവിച്ച് വാങ്ങൽ

നടപടി പൂർത്തീകരിക്കേണ്ടാതാണ്.

15. ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ ഇ.എം.ഡി /സെക്യൂരിറ്റി ഡെപോസിറ്റ് എന്നിവ സൂപ്പർവൈസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശിശു വികസന പദ്ധതി ഓഫീസർ ടെണ്ടർക്ക് മടക്കി നൽകാവുന്നതാണ്

16. ഒരു കുട്ടിക്ക് 125 ml പാൽ എന്ന അളവിൽ ഓരോ പ്രോജെക്റ്റിനും ആവശ്യമായ പാലിന്റെ അളവ് ശിശു വികസന പദ്ധതി ഓഫീസർമാർ ശേഖരിച്ച് ഒരു ലിറ്റർ പാലിന് ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 58/-രൂപയായി കണക്കാക്കി ആവശ്യമായ തുക പ്രോഗ്രാം ഓഫീസർമാരെ അറിയിക്കേണ്ടതും ക്രോഡീകരിച്ച റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാർ സമയബന്ധിതമായി ഡയറക്ടേറ്റിൽ നൽകേണ്ടതുമാണ്.

17. പ്രോഗ്രാം ഓഫീസർമാർ നൽകുന്ന റിക്വയർമെന്റിന്റെ അടിസ്ഥാനത്തിൽ പാൽ വിതരണത്തിന് ഓരോ ജില്ലയ്ക്കും ആവശ്യമായ തുക 2235 -02-102-22-00-34-03 (PV) എന്ന ശീർഷകത്തിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിക്കുന്നതാണ്. ശിശു വികസന പദ്ധതി ഓഫീസർമാർ, ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് സമർപ്പിക്കുന്ന റിക്വയർമെന്റിനു അനുസരിച്ച് തുക അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്.

18. സൂപ്പർവൈസർമാർ സമർപ്പിക്കുന്ന ബില്ലുകളും മറ്റ് രേഖകളും ശിശു വികസന പദ്ധതി ഓഫീസർമാർ സൂക്ഷമപരിശോധന നടത്തേണ്ടതും തുക അനുവദിച്ച ശേഷം ബില്ലുകൾ സൂക്ഷിച്ച് വയ്ക്കേണ്ടതും ഓഡിറ്റ് പരിശോധനകൾക്ക് വിധേയമാക്കേണ്ടതുമാണ്.

19. പാൽ വിതരണവുമായി ബന്ധപ്പെട്ട് വർക്കർമാർ അങ്കണവാടികളിലും സൂപ്പർവൈസർമാർ പഞ്ചായത്ത് തലത്തിലും ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോജെക്റ്റ് തലത്തിലും പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും സൂപ്പർവൈസർമാർ/ ശിശു വികസന പദ്ധതി ഓഫീസർമാർ അവ കൃത്യമായി പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

20. പോഷകബാല്യം പദ്ധതി തടസ്സമില്ലാതെ നടത്തുന്നു എന്ന് അതാതുപ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും ആയതു സംബന്ധിച്ച റിപ്പോർട്ട് ഓരോ മാസവും 15-ആം തീയതിക്ക് മുൻപ് ലഭ്യമാക്കേണ്ടാതുമാണ്.

PRIYANKA G

എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും

എല്ലാ സൂപ്പർവൈസർമാർക്കും

<u>പകർപ്പ്</u>

1. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ/സ്പെയർ

'103336/2023